**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് – തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷൻ - രാജീവ് ആവാസ് യോജന പദ്ധതി പ്രകാരം മതിപ്പുറം കോളനി നിർമ്മാണ പ്രവൃത്തികളുടെ തുക നഗരസഭയുടെ തനത് ഫണ്ടിൽ നിന്നും നൽകുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (എഫ്.എം) വകുപ്പ്**

സ.ഉ.(സാധാ.) നം. 2266/2018/ത.സ്വ.ഭ.വ. തിരുവനന്തപുരം, തീയതി: 17/08/2018

---

പരാമർശം:- തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷൻ മേയറുടെ 10/08/2018 ലെ RAY/EP1/E7/193136/11-RAY(3) നമ്പർ കത്ത്.

**ഉത്തരവ്**

തിരുവനന്തപുരം നഗരസഭ രാജീവ് ആവാസ് യോജന പദ്ധതി പ്രകാരം മതിപ്പുറം കോളനിയിലെ നിർമ്മാണ പ്രവൃത്തികൾ അക്രഡിറ്റഡ് ഏജൻസിയായ ഹിന്ദുസ്ഥാൻ പ്രീഹാബ് ലിമിറ്റഡ് നടത്തി വരുന്നുവെന്നും, പ്രസ്തുത ഏജൻസിക്ക് നിർമ്മാണ പ്രവൃത്തികൾക്കായി നൽകാനുള്ള 9 കോടി രൂപയിൽ 4.75 കോടി രൂപ അടിയന്തരമായി നൽകണമെന്നും അല്ലാത്തപക്ഷം പണി നിർത്തി വയ്ക്കേണ്ടി വരുമെന്നും, കേന്ദ്ര-സംസ്ഥാന വിഹിതം ലഭ്യമാകുന്നതിന് കാലതാമസം ഉണ്ടാകുമെന്നുള്ളതിനാൽ നിർമ്മാണ പ്രവൃത്തികൾ തുടർന്ന് നടത്തുന്നതിനായി കുടുംബശ്രീയിൽ നിന്ന് ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് തുക റിക്കൂപ്പ് ചെയ്യണമെന്നുള്ള വ്യവസ്ഥയിൽ പ്രസ്തുത തുക നഗരസഭയുടെ തനത് ഫണ്ടിൽ നിന്നും അനുവദിക്കുന്നതിനുള്ള അനുമതി നൽകണമെന്നും നഗരസഭാ മേയർ അഭ്യർത്ഥിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തിരുവനന്തപുരം നഗരസഭ രാജീവ് ആവാസ് യോജന പദ്ധതി പ്രകാരം മതിപ്പുറം കോളനിയിലെ നിർമ്മാണ പ്രവൃത്തികൾക്കായി അടിയന്തരമായി നൽകാനുള്ള 4,75,00,000/- (നാല് കോടി എഴുപത്തിയഞ്ച് ലക്ഷം) രൂപ കുടുംബശ്രീയിൽ നിന്ന് ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് തിരികെ നഗരസഭയ്ക്ക് കൊടുക്കണമെന്ന വ്യവസ്ഥയിൽ നഗരസഭയുടെ തനത് ഫണ്ടിൽ നിന്നും അനുവദിക്കുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)
റ്റി.കെ.ജോസ്. ഐ.എ.എസ്
അഡീഷണൽ ചീഫ് സെക്രട്ടറി.

മേയർ/സെക്രട്ടറി, തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷൻ
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എൽ.ബി.എ &എ) കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
(തദ്ദേശസ്വയംഭരണ വകുപ്പ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.